# വിദേശ ആപ്പിളിലും വിഷം

Madhyamam-25-05-2018-P-14



● സാമ്പിളുകളിൽ 44 ശതമാനത്തിലും വൻതോതിൽ കീടനാശിനി

● കാർഷിക സർവകലാശാല നടത്തിയ പരിശോധനയിലാണ് കണ്ടെത്തൽ

**തൃശൂർ:** വിപണിയിൽ പളപള തിളങ്ങുന്ന വിദേശ ആപ്പിളിലും വിഷം. കഴിഞ്ഞ വർഷം വിപണിയിലെത്തിയ പഴങ്ങൾ, പച്ചക്കറികൾ, സംസ്കരിച്ച ഭക്ഷ്യവസ്തുക്കൾ എന്നിവയിൽ സർവകാലശാല നടത്തിയ പരിശോധനയിലാണിത് കണ്ടെത്തിയത്. പരിശോധിച്ച സാമ്പിളുകളിൽ 44 ശതമാനത്തിലും വൻതോതിൽ കീടനാശിനി കണ്ടെത്തിയതായി സർവകലാശാല അധികൃതർ വാർത്തസമ്മേളനത്തിൽ അറിയിച്ചു. സർക്കാറിൻെറ എക്കോ ഷോപ്പുകളിൽ നിന്നെടുത്ത പച്ചക്കറിയിലും വിഷമുണ്ട്.

വിഷരഹിതം, ജൈവം എന്ന പേരിൽ ജനങ്ങളെ കബളിപ്പിക്കുകയാണെന്നും അങ്ങനെ വിൽക്കുന്നവ വിഷമുള്ളവയാണെന്നും കണ്ടെത്തി. പച്ചമുളക്, മല്ലിയില, പുതിന, കറിവേപ്പില, പാഴ്സിലി, ബ്രോഡ് ബീൻസ്, സാമ്പാർ മുളക്, ഉരുളക്കിഴങ്ങ്, ചുവന്നുള്ളി, കാരറ്റ്, എന്നിവയിൽ നിശ്ചിത അളവിലും കൂടുതൽ കീടനാശിനി കണ്ടെത്തി. പുതിയ ഇനം കീടനാശികളാണ് ഇവയിൽ കൂടുതലും ഉപയോഗിച്ചത്. ഇത്തരം കീടനാശിനികൾ മുമ്പ് സംസ്ഥാനത്ത് കണ്ടെത്തിയിട്ടില്ല.

തിരുവനന്തപുരത്തെ ഒരു ഹൈപ്പർ മാർക്കറ്റിൽ നിന്നെടുത്ത വിദേശ ആപ്പിളിലും കറുത്ത മുന്തിരിയിലും അസെറ്റാമിപ്രിഡ് എന്ന കീടനാശിയാണ് കണ്ടത്. കുരു ഇല്ലാത്ത പച്ചമുന്തിരിയിൽ മൂന്നിനം കീടനാശിനി തളിച്ചിരുന്നു. ഇറക്കുമതി ചെയ്ത പ്ലമ്മിലും കീടനാശിനിയുണ്ടായിരുന്നു. അതേസമയം, ഈന്തപ്പഴത്തിലും ഉണക്ക മുന്തിരിയിലും വിഷാംശം കണ്ടെത്തിയില്ല.

തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, എറണാകുളം, തൃശൂർ, മലപ്പുറം, കണ്ണൂർ, കാസർകോട് ജില്ലകളിലെ പച്ചക്കറികളിൽ 72.2 ശതമാനവും സുരക്ഷിതമാണ്. തിരുവനന്തപുരം, ആലപ്പുഴ, എറണാകുളം, തൃശൂർ നഗരങ്ങളിലെ സ്വകാര്യ വിൽപനശാലകളിൽ ജൈവമെന്ന പേരിൽ വിൽക്കുന്ന പച്ചക്കറികളെല്ലാം അങ്ങനെയുള്ളതല്ല. അവയും കീടനാശിനി അടിച്ചവയാണ്. എന്നാൽ സർക്കാറിൻെറ എക്കോഷോപ്പുകളിൽ പാവക്ക സാമ്പിളിലാണ് കീടനാശിനി കണ്ടെത്തിയത്.

അയമോദകം, വറ്റൽമുളക്, മുളക്പൊടി, മല്ലിപ്പൊടി, ഉലുവയില, കറി മസാല, പെരും ജീരകം, ഗരം മസാല, തേയില തുടങ്ങിയവയിലും ഏലക്ക, ജീരകം, മുളകുപൊടി,വറ്റൽമുളക് എന്നിവയിലും വിഷം നല്ലയളവിൽ കണ്ടെത്തി. എറണാകുളത്തെ വൻകിട സൂപ്പർമാർക്കറ്റിൽ ജൈവം എന്ന പേരിൽ വിൽപന നടത്തിയ ക്യാപ്സിക്കം, ബജിമുളക്, മുന്തിരി, പാഷൻഫ്രൂട്ട് എന്നിവയിൽ പുത്തൻ കീടനാശിനിയുടെ അംശം കണ്ടെത്തി.